
# ഇതളുകൾ




ലിറ്റിൽ കൈറ്റ്സ്

ഗവ.ഹൈസ്കൂൾ പോങ്ങനാട്

# ആമുഖം

***ഞങ്ങളുടെ ഏവരുടെയും***
***സ്വപ്നമായിരുന്നു ഐ ടി കൂട്ടായ്മ എന്ന ഒന്ന്, ഈ സമയത്താണ് ലിറ്റിൽ കൈറ്റ്സ് എന്ന ഐ ടി കൂട്ടായ്മ നിലവിൽ വന്നത്. ഈ കൂട്ടായ്മയിമയിലൂടെ നമുക്ക് ഒരുപാട് കമ്പ്യൂട്ടറുമായി ബന്ധപ്പെട്ട കാര്യങ്ങൾ അറിയുവാനും സാധിച്ചു . അതിലെ അറുവുകളെല്ലാം സ്കൂളിന്റെ പ്രവർത്തനങ്ങൾക്കായി പരമാവധി ഉപയോഗിക്കാനായി ഞങ്ങൾക്ക് കഴിഞ്ഞു. അതിന്റെ ഒരു ഭാഗമാണ് ഈ മാഗസീൻ. ഇതിന് സഹായിച്ച എല്ലാ കുട്ടികൾകും അദ്ധ്യാപകർകും സ്നേഹംനിറഞ്ഞ ഒരായിരം നന്ദി രേഖപ്പെടുത്തുന്നു.....***

***എന്ന്***

***എഡിറ്റർ***

***ആരിഫ്***

# സന്ദേശം

ആധുനിക കാലത്തിന്റെ ഹൃദയ താളമാണ്

സാങ്കേതികവിദ്യ.വിദ്യാഭ്യാസംഹൈടെക്കായി

.അതോടൊപ്പം തന്നെ പഴയ കൈയ്യെഴുത്തു

മാസികകൾക്കും  പുതിയ ഒരു രൂപം

കൈവന്നിരിക്കുന്നു.ഗവ ഹൈസ്കൂൾ പോങ്ങനാടിലെ

ലിറ്റിൽ കൈറ്റ്സി

ലെ ചുണക്കുട്ടികൾ തങ്ങളുടെ സർഗാത്മകസൃ

ഷ്ടികൾ ഇതളുകൾ എന്ന പേരിൽ പുറത്തിറക്കുന്നു.

സാഹിത്യലോകത്തേക്ക് ചുവട് വയ്ക്കുന്ന കുട്ടുകാർക്ക്

എല്ലാ വിധ ഭാവുകങ്ങളും നേരുന്നു. സ്നേഹത്തോടെ

അതിലേറെ അഭിമാനത്തോടെ ഈ സംരംഭത്തിന്

എല്ലാ വിധ നന്മകളും നേരുന്നു.

സിനി.എസ്.എസ്

പി.ടി.എ പ്രസിഡന്റ്

# പറയാനുള്ളത്....

അക്ഷരങ്ങളുടെ അത്യുന്നതങ്ങളി
ലേക്ക് പറന്നു ഉയരുന്ന ഭാവി തലമുറയുടെ
വാഗ്ദാനമാണ് ഈ കുഞ്ഞു സംഭാവന. കാലം
പുരോഗമനങ്ങളിലേക്ക് കുതിക്കുന്തോറും
ഭാവിയുടെ സർഗവാസനകലിലും
പരിവർത്തനങ്ങൾഉണ്ടായികൊണ്ടിരിക്കുകയാ
ണ് അതിനൊരു ഉദാത്ത സൃഷ്ടിയാണ്
നമ്മുടെ എളിയ ഈ മാഗസീൻ.............

## താളുകളിലേക്ക്....

ആമുഖം....2
സന്ദേശം....3
ആധുനിക കാലത്തിന്റെ ഹൃദയ താളമാണ്....3
....5
സമർപ്പണം....6
നോവ്....11
മാതൃഭാഷ....13
പുഴ....14
മലയാളമേ നിനക്കഭിവാദനം....15
കഥ ആരുംവൃദ്ധനാകും ഒരു നാൾ....17
താരാട്ട്....18
കഥ....22
തളരാത്ത സ്നേഹം....22
പ്രശ്നോത്തരി....26
Dr A P J Abdul Kalam....27
MAHATMA GANDHI....28
വൈക്കം മുഹമ്മദ് ബഷീർ....29
പഴഞ്ചൊല്ലുകളും ശൈലികളും....30
കടം കഥകൾ....32
വരകൾ വർണ്ണങ്ങൾ....36
....36
ആശംസ....37
എഡിറ്റേഴ്സ്....39

# സമർപ്പണം...................

**ബേപ്പൂർ സുൽത്താനായ വൈക്കം**

**മുഹമ്മദ്ബെഷീറിന്റെ ജന്മദിനമാണ് ജനുവരി 19.**

**ഈ ദിവസത്തിൽ ആ   വല്യ മനുഷ്യന്റെ**

**ഓർമയ്ക്കുമുമ്പിൽ നമ്മുടെ ഡിജിറ്റൽ**

**മാഗസിൻസമർപ്പിക്കുന്നു......**

**G H S ponganadu**

**Little kittes**

ഇതളുകൾ

# വിദ്യാലയം




GHS PON



കവിത

# നോവ്



മുത്തശ്ശിച്ചൊല്ലിത്തന്ന കഥകളും
മുത്തശ്ശൻ കളിപ്പിച്ച കളികളും
മറക്കില്ല ഞാനാ കഥകളും കളികളും
പിന്നെ ആ സ്നേഹ നിധികളെ
കാരണം ഏറെ സ്നേഹിക്കുന്നു ഞാനിവരെ

എന്നാൽ ഇന്നീ നാളുകളിൽ
വൃദ്ധസദനത്തിൽ എങ്ങോ പരസ്പരം
മിണ്ടാതെ തേങ്ങുകയാണവർ
വേണമെനിക്കിനി കൂടുതൽ കഥകളും
കളികളും
ഒപ്പം ആ സ്നേഹ നിധികളെയും

ആദിത്യ
9 A

കവിത

# മായുന്ന മൂല്യങ്ങൾ

നന്മയാം ഇതളുവിടർത്തി
വിരിഞ്ഞ പൂവേ
അന്നു നീ ജീവിതത്തിൻ
വെളിച്ചമായ് മാറിയില്ലേ
നിൻറ്റെ ഭംഗിയിൽ വിരിഞ്ഞത്
എണ്ണാൻ കഴിയാത്ത ആയിരം പൂക്കളാണ്



പാർവതി
9 B

കവിത

# മാതൃഭാഷ

മലയാളമാണെന്റെ മാതൃഭാഷ
മലയാളമാണെന്റെ ജന്മഭാഷ
സത്യവും ധർമ്മവും കാത്തുസൂക്ഷിക്കുന്ന
മലയാളമാണെന്റെ മാതൃഭാഷ
അമ്മതൻ മുലപ്പാലിൻ മാധുര്യമുള്ളതാ
ണെന്നെന്നും എന്റെ ഈ മാതൃഭാഷ
കവിതയാൽ ചാലിച്ചെടുത്ത മലയാള
മാണെന്റെ മാതൃഭാഷ...........

തുഞ്ചന്റെ പാട്ടും ചെറുശ്ശേരി കവിതയും
ചേരുന്നതാണെന്റെ മാതൃഭാഷ
അമ്മതൻ നറുപുഞ്ചിരി പോലെ
വിളങ്ങി നിൽക്കുന്നതാണെന്റെ
മാതൃഭാഷ............

ആദ്യമായ് ഞാൻ ഉരുവിട്ട മലയാള
മാണെന്റെ മാതൃഭാഷ
കുഞ്ഞിക്കൈയ്യാൽ ആദ്യാക്ഷരം കുറിച്ച
മാതൃഭാഷയാണെൻ മലയാളം

ഹരി , 9 C

കവിത

# പുഴ



കണ്ണാടിപോലുള്ള പുഴയിൽ
കല്ലെടുത്തിട്ട ഞാൻ നിൽക്കെ
ചെറുതായ് ജനിക്കുന്നൊരോളം
വലുതാകുന്നു പോകുന്നു.

ഓളങ്ങൾ പോലെയീ നമ്മൾ
ഒരു നാളകന്നു പോയീടും
ഓളങ്ങൾ കെട്ടടങ്ങുമ്പോൾ
ഓർമ്മകൾ മാത്രമായ്ത്തീരും

പുഴമാത്രമെന്നാലുമൊഴുകും
നീണ്ട വഴിയാത്രക്കാരനായ് നിത്യം
പുഴയൊഴുകുന്നതുപോലെ,കർമ
നിരതമായ് മാറണം നമ്മൾ

മനസ്സിലൂടൊഴുകട്ടെയെന്നും
മാലിന്യമില്ലാത്ത പുഴകൾ
മാനവസ്നേഹം പുലർത്തും
കാവ്യസംസ്കൃതിയാകട്ടെ കരകൾ.

അമിന ,9 c

കവിത

# മലയാളമേ നിനക്കഭിവാദനം

കളകളം ഒഴുകുന്ന നദികളാൽ നീളെ
കുളിർ ചൂടിനിൽക്കുന്ന മലയാളമേ.
ഇളനീർ ചുരത്തുന്ന മൊഴികളാലെന്നും
കിളിമകൾ പാടുന്ന മലയാളമേ
അഭിവാദനം, നിനക്കഭിവാദനം, എന്റെ-
യകതാരിൽ നിന്നൂറുമഭിവാദനം
(കള കളം.....)
തെങ്ങും കവുങ്ങും തലയാട്ടിനിൽക്കുന്ന
തൊടികളിൽ അലയുന്ന കുളിർതെന്നലേ
വയൽ വരമ്പോരത്തു കതിരുതിന്നാൻ വരും
അരിമുല്ലക്കാട്ടിലെ കുരുവികളേ
മലയാള നാടിന്റെ സുകൃതമല്ലോ നിങ്ങൾ
മംഗളം പാടും സുദിനമല്ലോ. (കള കളം.....)
പൊങ്ങിപ്പറക്കും മുകിൽമാലയോടൊപ്പം
മാനത്തുമിന്നുന്ന മണിമുകിലേ
ഓടിക്കളിക്കുന്ന പൈക്കിടാങ്ങൾക്കൊപ്പം
അണിചേരും കുരുമാടിക്കുഞ്ഞുങ്ങളേ
മലയാള നാടിന്റെ മഹിമയല്ലോ നിങ്ങൾ
മലയജം ചൂടും മരന്ദമല്ലോ

അനാമിക



കഥ

# ആരുംവൃദ്ധനാകും ഒരു നാൾ

ഒരു ദിവസം അനൂപ് വീട്ടിൽ രാത്രി അത്താഴം കഴിക്കുമ്പോൾ അനുപിൻെറ അപ്പൂപ്പൻെറ കൈ യിലിരുന്ന പാത്രം തറയിൽ വീണുടഞ്ഞു. അപ്പോൾ മകൻെറ ഭാര്യ പറഞ്ഞു " ഇനി നിങ്ങൾക്ക് പാത്രത്തിൽ ആഹാരമില്ല. നിങ്ങൾ എത്ര പാത്രമാണ് വീണുടച്ചിരിക്കുന്നത്." അപ്പൂപ്പൻ കിടന്നപ്പോൾ അച്ഛനും അമ്മയും പറയുന്നത് അനൂപ് കേട്ടു. അനൂപ് മനസ്സിൽ പറഞ്ഞു " ഇനി അപ്പൂപ്പൻ മാത്രമല്ല വയസ്സാകുന്നത് അമ്മയും അച്ഛനും വയസ്സാകും അപ്പോൾ എൻെറ ഭാര്യ ഇങ്ങനെ പറയുമ്പോൾ അമ്മയ്ക്ക് അല്ലെങ്കിൽ അച്ഛന് വേദനയാകും. അപ്പോൾ ആണ് ഈ അവസ്ഥ നിങ്ങൾക്ക് മനസിലാവുക." അനുപ് പറഞ്ഞ് കഴിഞ്ഞ് കുറച്ച് ദിവസം കഴിഞ്ഞപ്പോൾ അനുപിൻെറ മുത്തച്ഛനെ വൃദ്ധസദ നത്തിൽ കൊണ്ടാക്കി. അതുപോലെ തന്നെ ഇവരെ വൃദ്ധസതനത്തിലാക്കിയപ്പോഴാണ് അവർക്ക് മനസ്സിലായത് തെറ്റ് ചെയ്താൽ അത് ഇരട്ടിയായി തിരിച്ചേൽക്കും എന്ന്.......

(ആരും വൃദ്ധനാകും ഒരുനാൾ)

കവിത

# താരാട്ട്

ഒരു പൂവുവെട്ടത്തിലൊരു തുമ്പി തൻ വന്നു

ഒരു താരാട്ടിനീണം പോലെ........

ഒരു താമരപ്പൂവിതൾ പോലെ......
ദൂരത്തു നിൽക്കുമൊരമ്മ മനസ്സിലേക്കൊഴുകി

എത്തുന്ന പൂവേ..........

ഒരു താരാട്ടിനീണം പോലെ......

ഒരു വസന്ദത്തിനീണം പോലെ.....

നീ എത്ര ദൂരെ...ദൂരെ........

സ്നേഹ മലരുകൾ പൂക്കും....
കാലത്തിലിതളിട്ട താമരപ്പൂവേ
ഹൃദയ സ്നേഹാർദ്രമായ് നീ വിരിഞ്ഞെന്നിലെ

സുരഭില സ്നേഹാർദ്രമൊട്ടായ്.....
കരയാതെ അമ്മയ്ക്കുറങ്ങുവാനാകുമോ

അകലേയ്ക്കു നീ മാഞ്ഞു മുത്തേ....

ഒരു താരാട്ടിനീണം പോലെ...

ഒരു താമര പൂവിതൾ പോലെ.....

ഒരു വസന്തത്തിനീണം പോലെ.....

*കവിത*

# കുഞ്ഞുപട്ടങ്ങൾ

പൊതു വിദ്യലയങ്ങളുണരുന്ന
മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട്
മികവിന്റെ കേന്ദ്രങ്ങളായി
അറിവിന്റെ കേദാരമായി
ശാസ്ത്രങ്ങൾ,ഭാഷകൾ,ഗണിതം
പഠനം ലളിതമാക്കാനായ്
ശാസ്ത്രം നമുക്കിന്നു നൽകി
വിവര സാങ്കേതിക വിദ്യ
വിരലൊന്നമർത്തിയാൽ
തെളിയുന്ന സ്ക്രീനിലായ്
അറിവിന്റെ നിറവുകളെല്ലാം
നന്മയ്ക്ക് മാത്രമായ് വേണ്ടി
നമ്മൾ മാകുമീ അത്ഭുതവിദ്യ
മാനവരാശിയ്ക്ക് നാളെ
മാർഗ ദീപമായ് മാറട്ടെയെന്നും
വിവര സാങ്കേതിക വിദ്യ

വാനോളമെത്തിയ്ക്കുവാനായ്
പാറിപ്പറക്കട്ടെ വാനിൽ
കൊച്ചു പട്ടങ്ങളായ് നിങ്ങളെന്നും
ഒരു നവകേരള സൃഷ്ടി
ആകട്ടെ നിങ്ങൾ തൻ ദൗത്യം
പാരിന്നഭിമാനമായി
പാഠശാലയ്ക്കുമിതെന്നും
വിവരങ്ങളെല്ലാം വിരൽത്തുമ്പിനാലെ
വിനിമയം ചെയ്യുന്ന നിങ്ങൾ
ഒരു നല്ല സന്ദേശമവനിയ്ക്ക് നൽകാൻ
കഴിവുള്ള കൂട്ടുകാരാകു
നിറമുള്ള പട്ടങ്ങളായി
നീളെപ്പറക്കട്ടെ നിങ്ങൾ
നിറമുള്ള സ്വപ്നങ്ങളെല്ലാം
നിറവേറ്റുവാൻ ശക്തരായി

ഷൈലജ ടീച്ചർ


LITTLE
KITES

**കഥ**

# തളരാത്ത സ്നേഹം.....

ജീവിതത്തിൽ സന്തോഷം എന്തെന്നറിയാതെ ജീവിക്കുന്ന ഒരു കൂട്ടം വ്യക്തിത്വത്തിൻെറ ഇടയിൽ താമസിക്കുന്ന ഒരു വ്യക്തിയാണ് രാമൻ . രാമന് മാതാപിതാക്കളില്ല. ഒരേഒരനുജത്തി മാത്രം.അനുജത്തിയുടെ ജന്മത്തിലൂടെ അവരുടെ അമ്മ യാത്രയായി. അമ്മയുടെ മരണശേഷം അച്ഛൻ മറ്റൊരു വിവാഹം കഴിച്ചു.അവരുടെ രണ്ടാനമ്മയ്ക്കു രാമനെയും അനുജത്തി സീതയെയും ഇഷ്ട്ടമല്ലായിരുന്നു. രണ്ടാനമ്മയുടെ മക്കൾക്കുലഭിക്കേണ്ട രാമനും സീതയ്ക്കും ലഭിക്കുമോ എന്ന സംശയമായിരുന്നു അവരിൽ.അത് കൊണ്ട് തന്നെ രാമനേയുംസീതയേയും അവർ അവരുടെ അച്ഛനിൽ നിന്ന് പടുക്കെ അകറ്റി തുടങ്ങി.നിരന്തരം തൻെറ കുഞ്ഞനുജത്തിയെ കൊണ്ട് ജോലി ചെയ്യിപ്പിച്ചു.ഇത് രാമന് സഹിക്കാൻ കഴിഞ്ഞില്ല.അതോടെ അവൻ ത ൻെറ എല്ലാമെല്ലാമായ കുഞ്ഞനുജത്തിയെയും കൊണ്ട് ആപടിയിറങ്ങി. രാമനന്ന് പതിനഞ്ച് വയസ് അതോടെ അവൻ പഠിപ്പുപേക്ഷിച്ചു. അവൻ അവരുടെ ജീവിതം പോറ്റാനായി മറ്റൊരു ഗ്രാമത്തിൽ ഒരു ക്രിഷിക്കാരൻെറ വീട്ടിൽ താമസിച്ചു.രാഘവൻ എന്നായിരുന്നു അദ്ദേഹത്തിൻെറ കൈയ്യാളായിട്ടായിരുന്നു രാമൻെറ അദ്യ ചുവടുവയ്പ്പ്. രഘവൻ ചുമട്ടുതൊഴിലാളിയും ക്രഷിക്കാരനുമായിരുന്നു.പിന്നടുള്ള ജിവിതത്തിൽ രാമനും ഇതു തുടരുന്നു.രാഘവേട്ടൻ രാമൻെറ സന്തോഷത്തിന് ദിവസവും നാലണ വീതം കൊടുത്തു.മക്കളില്ലാത്ത രാഘവനും ഭാര്യയ്ക്കും അത് വളരെ സന്തേഷമായി.അങ്ങനെ രാമന് വേ- ച്ചടി വെച്ചടി ഉയർച്ച ഉണ്ടായി.ഒരു പാട് ധനം കൈവന്നു.അധ്വനിക്കേണ്ട തിൻെറ മുഴവനും അവൻ വിയർപ്പൊഴുക്കി.അവൻ തൻെറ അനുജത്തി സീതയെ

നല്ലൊരു വിദ്യാലയത്തിൽ വിജ്ഞാനത്തിനുവിട്ടു.അവൾ പഠിച്ചു.പത്താം ക്ലാസിൽ ഉന്നത വിജയം കരസ്ഥമാക്കി. തുടർന്നുള്ള പഠിതത്തിനായി അവളെ കോളേജിലേക്ക് അയച്ചു.അവളെ രാമൻ കോളേജിൽ ചേർത്തു.അവൾ അവളുടെ സഹോദരൻെറ അനുഗ്രഹവും മാതാപിതാക്കളെ പോലെ സ്നേഹിക്കുന്ന രാഘവേട്ടൻെറയും അനുഗ്രവും വാങ്ങിയ ശേഷം അവളുടെ അമ്മയുടെ കുഴിനാടത്തിൽ സാഷ്ടാങ്കം പ്രണമിച്ചു. ശേഷം യാത്രാമൊഴി ചൊല്ലി.ചെന്നയിലായിരുന്നു അവളുടെ വിജ്ഞാനകേന്ദ്രം.അങ്ങനെ അവൾ പഠിച്ച് മിടുക്കിയായി. അവൾ ഒരോ ആഴ്ച്ചയും സഹോദരന് കത്തെഴുതുമായിരുന്നു.അങ്ങനെ അവരുടെ ജീവിതം ഉയർച്ചയിലേക്ക് പോയി......................

# നന്മൊഴി മുത്തുകൾ

നിങ്ങളുടെ കഴിഞ്ഞ കാലത്തെ ഖേതങ്ങളില്ലാതെ
അങ്ങീകരിക്കുക
വർത്തമാന കാലത്തെ ആത്മവിശ്വസത്തോടെ
കൈകാര്യം ചെയ്യുക
ഭാവിയെ ഭയമില്ലാതെ നേരിടുക

=എ പി ജെ അബ്ദുൽ കലാം

ശ്രമത്തിലാണ്, ഫലപ്രാപ്തിയിലല്ല സംതൃപ്തി
ഉളവാക്കുന്നത്.......
സമ്പൂർണ്ണ ശ്രമം സമ്പൂർണ്ണ വിജയമാകുന്നു!

= ഗാന്ധിജി

സൂര്യൻ ഉദിക്കുമ്പോൾ ഇരുട്ട് മാറിപ്പോകുന്നതു പോലെ
അറിവുദിക്കുമ്പോൾ അജ്ഞതയും മാറിപ്പോകുന്നു

=സ്വാമി വിവേകാനന്ദൻ

ജീവിതത്തിൽ വിജയം നേടുന്നവരെല്ലാം പ്രത്യേക
കഴിവുള്ളവരായിരിക്കണമെന്നില്ല. പലപ്പോഴും ശരാശരി
കഴിവുള്ളവരാകും അവർ... എന്നാൽ സ്ഥിരോത്സാഹവും
ക്ഷമാശീലവും അവരെ ആത്യന്തിക വിജയത്തിലേക്കു
നയിക്കും

=മദർ തെരേസ

പരാജയമെന്നത് നിങ്ങൾക്ക് കൂടുതൽ കരുത്തോടെ
തിരിച്ചുവരാനുള്ള അവസരമാണ്

=ഹെൻറി ഫോഡ്

ഉദ്ദേശവും ലക്ഷ്യവുമില്ലാത്ത പരിശ്രമവും ധൈര്യവുംഅപൂർണ്ണമാണ്

=ജോൺ എഫ് കെന്നഡി

നിങ്ങൾക്ക് പറക്കാൻ കഴിയില്ലെങ്കിൽ ഓടുക
ഓടാൻ കഴിയില്ലെങ്കിൽ നടക്കുക
നടക്കാൻ കഴിയില്ലെങ്കിൽ ഇഴയുക
പക്ഷ ചെയ്യുന്നത് എന്തു തന്നെയായാലും
മുൻപോട്ട് തന്നെ നീങ്ങുക

=മാർട്ടിൻ ലൂഥർകിങ്

ഭാവിപ്രവചിക്കാൻ ഏറ്റവും നല്ല രിതി
അത് സ്വയം നിർമ്മിച്ചെടുക്കുക എന്നുള്ളതാണ്

=എബ്രഹാം ലിങ്കൺ

നിന്നെ പരിഗണിക്കുന്നവരോട് നന്നായി മാത്രം പെരുമാറുക
പ്രിയപ്പെട്ടവരോട് എന്നും ദയാലുവായിരിക്കുക

= A.P.J

# പ്രശ്നോത്തരി

## *കമ്പ്യൂട്ടർ തലമുറകൾ*

കമ്പ്യൂട്ടർ ആദ്യതലമുറയിൽ ഉപയോഗിച്ചിരുന്ന സാങ്കേതിക വിദ്യ.

-വാക്വം ട്യൂബ്

കമ്പ്യൂട്ടറിന്റെ രണ്ടാം തലമുറയിൽ ഉപയോഗിച്ചിരുന്ന സാങ്കേതിക വിദ്യ.

- ട്രാൻസിസ്റ്റർ

കമ്പ്യൂട്ടറിന്റെ മൂന്നാം തലമുറയിൽ ഉപയോഗിച്ചിരുന്ന സാങ്കേതിക വിദ്യ.

- ഐ.സി.ചിപ്പ്

കമ്പ്യൂട്ടറിന്റെ നാലാം തലമുറയിൽ ഉപയോഗിച്ചിരുന്ന സാങ്കേതിക വിദ്യ.

-VLSI മൈക്രോപ്രോസസ്സർ

അഞ്ചാം തലമുറയിൽ ഉപയോഗിച്ച സാങ്കേതിക വിദ്യ.

- ULSI മൈക്രോപ്രോസസ്സർ

(അൾട്രാ ലാർജ് സ്കെയിൽ ഇന്റഗ്രേഷൻ സിസ്റ്റം)

# *Dr A P J Abdul Kalam*




Dr Kalam, the former president of India ,is a distinguished scientist, well-known for his significant contribution to the field of space research. His vision is to transform India into a developed nation by 2020.

Born on 15 October, 1931, at Rameswaram in Tamil Nadu, Abdul Kalam specialised in aeronautical engineering from the madras institute of technology . He became professor of technology and social transformation at Anna University, and was involved in teaching and research.

# MAHATMA GANDHI


*A leader of his people, unsupported by any outward authority; a politician who success rests not upon craft nor the mastery of technical devices, but simply on the convincing power of his personality; a victorious fighter who always scorned the use of force;a man of*



*wisdom and humility, armed with resolve and inflexible consistency, who has devoted all his strength to the uplifting of his people and the betterment of their lot; a man who has confronted the brutality of Europe with the dignity of the simple human being and thus at all times risen superior.*

*Generations to come it may be, will scarce believe that such a one as this, eve in flesh and blood, walked upon this earth.*

# വൈക്കം മുഹമ്മദ് ബഷീർ



ആധുനിക മലയാളസാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട എഴുത്തുകാരൻ. നോവലിസ്റ്റ്, കഥാകൃത്ത്, സ്വാതന്ത്ര്യസമരസേനാനി എന്നീ നിലയിൽ പ്രസിദ്ധനായ അദ്ദേഹം ബേപ്പൂർ സുൽത്താൻ എന്ന അപരനാമത്തിലും അറിയപ്പെടുന്നു. 1908 ജനുവരി 21 ന് കോട്ടയം ജില്ലയിലെ വൈക്കം തലയോലപ്പറമ്പിൽ ജനിച്ചു. പിതാവ് കായി അബ്ദുറഹ്മാനും മാതാവ് കുഞ്ഞാത്തുമ്മ. ജീവിതപങ്കാളി ഫാത്തിമ ബഷീർ. മരണം 1994 ജൂലൈ 5 ന്. ആദ്യകൃതി - പ്രേമലേഖനം. ബാല്യകാലസഖി, പാത്തുമ്മായുടെ ആട്, പ്രേമലേഖനം, ഭാർഗവീനിലയം ന്റുപ്പൂപ്പാക്കൊരാനേണ്ടാ ന്ന്, മതിലുകൾ, ഭൂമിയുടെ അവകാശികൾ, ആനവാരിയും പൊൻകുരിശും, ശബ്ദങ്ങൾ, സ്ഥലത്തെ പ്രധാന ദിവ്യൻ, വിശ്വവിഖ്യാതമായമൂക്ക്, നീലവെളിച്ചം, അനുരാഗത്തിന്റെ ദിനങ്ങൾ, ജന്മദിനം, മുച്ചീട്ടുകളിക്കാരന്റെ മകൾ, അനർഘനിമിഷം, വിഡ്ഢികളുടെ സ്വർഗം, മാന്ത്രികപ്പൂച്ച, താരാസ്പെഷ്യൽ, ആനപ്പൂട

***മുതലായവയാണ് പ്രധാന കൃതികൾ. കേന്ദ്ര സാഹിത്യ അക്കാദമി, കേരള സാഹിത്യ അക്കാദമി, ഫെല്ലോഷിപ്പ്, പത്മശ്രീ, ലളിതാംബിക അന്തർജ്ജനം അവാർഡ്, മുട്ടത്തു വർക്കി അവാർഡ്, വള്ളത്തോൾ പുരസ്കാരം.***

ശിവൻ

9 c

# പഴഞ്ചൊല്ലുകളും ശൈലികളും

- ഉപ്പുതിന്നവൻ വെള്ളം കുടിക്കും
- ഒത്തു പിടിച്ചാൽ മലയും പോരും
- കാക്കകുളിച്ചാൽ കൊക്കാകുമോ?
- കുന്തം പോയാൽ കുടത്തിലും തപ്പണം
- ചങ്ങാടിനന്നായാൽ കണ്ണാടി വേണ്ട
- തുടക്കം നന്നായാൽ മുടക്കം വേരില്ല
- അറിവാണ് ശക്തി
- ഉള്ളിലുള്ളത് കണ്ണിലറിയാം
- തോൽവി വിജയത്തിന് മുന്നോടിയാണ്
- മടിയൻ മല ചുമക്കും

- വിതച്ചതേ കൊയ്യൂ
- കാണം വിറ്റ് ഒണം ഒണ്ണണം
- കൊടുത്താൽ കൊല്ലത്തും കിട്ടും
- തേടിയ വള്ളി കാലിൽ ചുറ്റി
- പിള്ളമനസ്സിൽ കള്ളമില്ല
- മീശനരച്ചാലും ആശനരയ്ക്കുമൊ
- വരാനുള്ളത് വഴിയിൽ തങ്ങുമൊ

സമ്പത്ത്

10 B



# കടം കഥകൾ

ആനയ്ക്കും നിയില്ല പാപ്പാനും നിലയില്ല ആമ്പാടിക്കണ്ണന്
അരയോളം വെള്ളം

തവള

ആനയിലുണ്ട് ചേനയിലില്ല ഇമയിലുണ്ട് ഇഷ്ടത്തിലില്ല
രണ്ടക്ഷരമുള്ളഞാനാര്

ആമ

ആനയെകാണാൻ വെളിച്ചമുണ്ട് വിളക്കു
കോളുത്താൻ തിയില്ല

ടോർച്ച്

ഉണ്ടാക്കുന്നവൻ ഉപയോഗിക്കുന്നില്ല ഉപയോഗിക്കുന്നവത്
അറിയുന്നില്ലാ

ശവപ്പെട്ടി

എല്ലാം തിന്നും എല്ലാം ദഹിക്കും വെള്ളം
കുടിച്ചാൽ ചത്തു പോകും

തീ

എന്നെത്തൊട്ടുകൂട്ടും പക്ഷേ സദ്യക്കെടുക്കില്ല

കാൽക്കുലേറ്റർ

ഒരമ്മ നേരം വെളുത്താൽ വീടിനുചുറ്റും ഓടിനടക്കും പിന്നെ
ചെന്നൊരുമൂക്കിലിരിക്കും

ചൂല്

ഓട്ടും കുതിര ചാട്ടും കുതിര വെള്ളം കണ്ടാൽ നിൽക്കും
കുതിര

ചെരുപ്പ്

നാലുകാലുള്ള നങ്ങേലിപ്പെണ്ണിനെ കോലുനാരായണൻ
കട്ടോണ്ടുപോയി

പാമ്പ് തവളയെ പിടിക്കുന്നു

വയലിന്റെ വളവിൽ അറുപത് മരത്തിൽ അറുപത് പൊത്ത്
അറുപ
ത് പൊത്തിൽ അറുപത് നത്ത്
എന്നാൽ നത്തിന്റെ കണ്ണെത്ര

രണ്ട്

കരടിയിലുണ്ട് കുതിരയിലില്ല ഉഴുന്നിലുണ്ട് ഉലുവയിലില്ല
ജനതയിലുണ്ട് ജനങ്ങളിലില്ല

മൂന്നക്ഷരമുള്ള ഞാനാര് ?

കഴുത അമ്മ

പെറ്റതെല്ലാം കറുത്ത പട്ടാളം

കട്ടുറുമ്പ്

അരിവെക്കും മുമ്പേ കറി വെയ്ക്കും

ചീര

അനേകം മതിൽ കെട്ടി അകത്തൊരു വെള്ളിവടി

വാഴപ്പിണ്ടി

അങ്ങോട്ടോട്ടം ഇങ്ങോട്ടോട്ടം നേരെ നിന്ന് സത്യം പറയും

ത്രാസ്

അടിയിൽ വട്ടക്കിണ്ണം മേലേ പച്ചപന്തൽ

ചേന

ആയിരം കിളികൾക്ക് ഒറ്റക്കൊക്ക്

വാഴക്കുല

ആയിരം കണ്ണുള്ളവൻ ചന്തയ്ക്ക് പോയി

വല

ഇല്ലി മേലായിരം പല്ലിമുട്ട

നെല്ലിക്ക

ഉടുത്തുണിയില്ലാത്തവൻ കുടചൂടി നിക്കുന്നു

തെങ്ങ്

ഉരുട്ടാം പിരട്ടാം എടുക്കാൻ വയ്യ

കണ്ണ്

ഒരാൾക്ക് തലയിലും കാലിലും തൊപ്പി

ഉലക്ക

കോലിനോട് പറഞ്ഞാൽ കോളാമ്പി ഏറ്റു പറയും

ഉച്ചഭാഷിണി

കാലുണ്ട് നടക്കില്ല കയ്യുണ്ട് വിരലില്ല മെയ്യുണ്ട് തലയില്ല

കസേര

തിന്നില്ല കുടിക്കില്ല തല്ലാതെ മിണ്ടില്ല

കസേര

തിരി തെറുത്തു തിരിക്കുപുറത്തു മുട്ടയിട്ടു

കുരുമുളക്

പൂക്കില്ല കായ്ക്കില്ല വെട്ടിയാൽ തളിർക്കും

തലമുടി

പിടിച്ചാൽ പിടികിട്ടില്ല വെട്ടിയാൽ വെട്ടേൽക്കില്ല

വെള്ളം

രണ്ടു സുന്ദരികൾ ഒരുമിച്ചേ കരയൂ

കണ്ണ്

വെള്ളത്തിലിട്ടാൽ നനയില്ല വെയിലത്തിട്ടാൽ വാടും

ചേമ്പില

പുലിയുണ്ടതിന്മേൽ പുകയുണ്ടതിന്മേൽ ഇലയുണ്ടതിന്മേൽ

തീയുണ്ടതിന്മേൽ കലിയുണ്ടതിന്മേൽ ആരോഗ്യഹാനിക്ക്

വകയുണ്ടതിന്മേൽ -പുകവലി

# വരകൾ വർണ്ണങ്ങൾ



ആരിഫ്

9 A



മാനവ്,10 B


# ആശംസ

പട്ടം പോലെ പറന്ന് പറന്ന് ഉയരങ്ങളിലേക്ക് എത്തുവാൻ എല്ലാ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്കും എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ....

എന്ന്

ചിന്ദു.സി

( SITC)



# നന്ദി

ഈ മാഗസിന്റെ ആസൂത്രണം മുതൽ ഞങ്ങളോടൊപ്പം സഹകരിച്ച ഹെഡ്മിസ്ട്രസ് ഇന്ദിര ടീച്ചർ, കൈറ്റ് മിസ്ട്രസ്സ് നസീല ടീച്ചർ , ജസീന ടീച്ചർ, SITC ചിഞ്ജു ടീച്ചർ,മറ്റ് അദ്ധ്യാപകർ,ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ,മറ്റ് കൂട്ടുകാരെയും ഈ അവസരത്തിൽ ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു

..........................................

# എഡിറ്റേഴ്സ്

1) MANAV.M.NAIR
2) JEEVAN.P.R
3) HAFIS RAHMAN.N
4) SAMBATH.S
5) ARIF MUHAMMED.F
6) SIVAN.S
7) KISHORE
8) KIRAN
9) ADWAITH.M.R

# THANKS....THANKS....THANKS....



